(5) ഇരവിപുരത്ത് കടലാക്രമണംമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

ശ്രീ. എ. എ. അസീസ് : സർ, കൊല്ലം കേർപ്പറേഷനിൽ ഇരവിപുരം, താന്നി മുതൽ കൊച്ചുതോപ്പു വരെയുള്ള സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസം ഉണ്ടായ കടലാക്രമണംമൂലം നിരവധി വീടുകൾ കടലാക്രമണത്തിന് ഇരയായിട്ടുണ്ട്. അവിടെ കടൽ ഭിത്തി നിർമ്മിക്കണമെന്നും പുലിമുട്ട് സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സമരം നടന്നു വരികയാണ്. അവരുടെ സമരം അവസാനിപ്പിക്കാനും അവരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഇരവിപുരം നിയോജകമണ്ഡലത്തിൽ താന്നി, കൊച്ചുതോപ്പ് ഫിഷർമെൻ കോളനി മുതൽ കുളത്തിൽപ്പാടം സെന്റ് ജോസഫ് കുരിശ്ശടി വരെയുള്ള പ്രദേശത്ത് രൂക്ഷമായിട്ടുള്ള കടലാക്രമണം ഉണ്ടായി. ആ കടലാക്രമണം ഉണ്ടായതിനുശേഷം താന്നിയിലും പി.എം.ആർ. ആശുപത്രിക്കു സമീപവും കടൽഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള നടപടി നടന്നു വരുന്നുണ്ട്. വേറെ കുറെ ഭാഗത്തേക്കുള്ള പണികൾക്കുവേണ്ടി ഫ്ളഡ് കൺട്രോൾ അഡ്വൈസറി കമ്മിറ്റി അതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. പുലിമുട്ടു നിർമ്മാണത്തെ സംബന്ധിച്ച് പറയുകയാണെങ്കിൽ പുലിമുട്ട് കേരളത്തിൽ പരീക്ഷിച്ചു, അതു വിജയകരമല്ല, കൂടുതൽ ഇറോഷൻ ഉണ്ടാകാൻ ഇടയുണ്ടെന്നു പറഞ്ഞുകൊണ്ട് 1964 മുതൽ അതിന്റെ നിർമ്മാണം നിർത്തിവച്ചിരിക്കുകയാണ്. അതു പുനരാരംഭിക്കുന്നതു അഡ്വൈസബിളല്ല എന്നാണ് സാങ്കേതിക വിദഗ്ദ്ധരുടെ ഉപദേശം.

(6) മലപ്പുറം ജില്ലയിൽ പ്ലസ്-വൺ കോഴ്സിന് അഡ്മിഷൻ ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ : സർ, മലപ്പുറം ജില്ലയിൽ കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ സാമാന്യം നല്ല മാർക്കു വാങ്ങി വിജയിച്ച 46,000 വിദ്യാർത്ഥികളിൽ 26,000 വിദ്യാർത്ഥികൾക്ക് ഉപരി പഠനത്തിന് സൗകര്യം ലഭിച്ചിട്ടില്ല എന്നുള്ള വിവരം ഈ സഭയുടെയും വിദ്യാഭ്യാസ മന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്ന ബഹുമാന്യനായ മന്ത്രിയുടെ ജില്ലയിൽ തന്നെ ഇത്തരം പരിതാപകരമായ അവസ്ഥയുണ്ടെന്നുള്ള വിവരം വിദ്യാഭ്യാസ മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയില്ല. ഗവൺമെന്റ് മേഖലയിലും എയിഡഡ് മേഖലയിലും കൂടി ഏതാണ്ട് 80-ഓളം സ്കൂളുകൾ മാത്രമാണ് മലപ്പുറം ജില്ലയിലുള്ളത്. 26,000 കുട്ടികളിൽ 450 മാർക്കു വാങ്ങിയ കുട്ടികൾക്ക് സയൻസ് ഗ്രൂപ്പ് എടുത്ത് പഠിക്കുവാനുള്ള സാഹചര്യം പോലും ഇന്ന് മലപ്പുറം ജില്ലയിൽ ഇല്ലാത്ത അവസ്ഥയാണുള്ളത്. അതുപോലെ 300 മാർക്കിനു മുകളിൽ വാങ്ങിയ കുട്ടിക്കുപോലും ഇന്നു മലപ്പുറം ജില്ലയിൽ പ്ലസ്-വൺ-ന് അഡ്മിഷൻ കിട്ടാത്ത അവസ്ഥയാണുള്ളത്. മറ്റു പല ജില്ലകളിലും 250 മാർക്കു വാങ്ങിയ കുട്ടിക്കുപോലും സയൻസ് ഗ്രൂപ്പിൽ അഡ്മിഷൻ കിട്ടുമ്പോൾ 450 മാർക്കു വാങ്ങിയ കുട്ടിക്ക് മലപ്പുറം ജില്ലയിൽ അതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അവസരം നഷ്ടപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് നിർബന്ധമായും പിന്നോക്ക ജില്ലയായ ന്യൂനപക്ഷങ്ങൾ താമസിക്കുന്ന മലപ്പുറം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിൽ സയൻസ് വിഷയങ്ങൾക്ക് കൂടുതൽ സീറ്റുകൾ അനുവദിക്കുകയോ, പുതിയ ഹയർ സെക്കന്ററി സ്കൂളുകൾ അനുവദിച്ച് സയൻസ് വിഷയങ്ങൾ പഠിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി) : സർ, ഇക്കൊല്ലത്തെ എസ്. എസ്. എൽ. സി. റിസൾട്ടു വന്നതിനുശേഷം കേരളത്തിൽ പൊതുവെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് ഇത്. പ്രാദേശികമായി പരിശോധിച്ചാൽ ചില ജില്ലകളിൽ പ്ലസ് വൺ -ന് പഠിക്കുവാനുള്ള സൗകര്യക്കുറവ് വളരെ പ്രകടമായി കാണുകയാണ്. മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതിയത്. 92,928 വിദ്യാർത്ഥികൾ പരീക്ഷ എഴുതിയതിൽ 46,161 പേർ വിജയിച്ചു. അവിടെ പ്ലസ് വൺ-ന് ലഭ്യമായ സീറ്റെന്നു പറയുന്നത് 17,550 ആണ്. 28,811 സീറ്റുകളുടെ കുറവ് മലപ്പുറം ജില്ലയിൽ മാത്രമായി കാണുകയാണ്. 450 മാർക്കു വരെ വാങ്ങിയ കുട്ടികൾക്ക് പ്ലസ് വൺ-ന് സീറ്റു കിട്ടാത്ത അവസ്ഥ ഇന്നു മലപ്പുറം ജില്ലയിലുണ്ട്. ഇതു സംബന്ധിച്ച് പല എം.എൽ.എ.മാരുടെയും നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ഒരു പരിശോധന നടത്തുകയുണ്ടായി. കഴിഞ്ഞ വർഷം 80 ശതമാനത്തിൽ കൂടുതൽ റിസൾട്ട് വന്ന ഗവൺമെന്റ് സ്കൂളുകളുടെ എണ്ണം കണ്ണൂർ-39, കോഴിക്കോട്-19, മലപ്പുറം-8, പാലക്കാട്-4, തൃശ്ശൂർ-18 എന്നിങ്ങനെയാണ്. ഗവൺമെന്റ് ഹൈസ്ക്കൂളുകളിലെങ്കിലും അത്യാവശ്യമായി പ്ലസ് വൺ അനുവദിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. ഈ സമയത്ത് തൃശ്ശൂർ അടക്കമുള്ള മലപ്പുറം ജില്ലയ്ക്ക് അത്യാവശ്യമായി പരിഗണന കൊടുക്കേണ്ടതുണ്ട്. അത് എല്ലാവർക്കും ബോദ്ധ്യമുള്ളതാണ്. ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പ്ലസ് വൺ കോഴ്സ് നിലവിലുള്ള ഗവൺമെന്റ് സ്കൂളുകളിൽ ഹൈസ്കൂൾ അനുവദിക്കണമോ അതോ എയിഡഡിൽ വേണമോ ഏതു മേഖലയിൽ വേണം എന്നതു സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. സാമ്പത്തികമായ പ്രയാസങ്ങളുണ്ട്. അതുകൊണ്ട് അതുംകൂടി പരിശോധിച്ചുകൊണ്ട് ഒരാഴ്ചയ്ക്കുള്ളിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

V അറിയിപ്പ്

സഭ സമ്മേളിക്കുമ്പോൾ മന്ത്രിമാർ നിവേദനം സ്വീകരിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : രണ്ടു കാര്യങ്ങൾ എനിക്കു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിമാരോട് എനിക്കു പറയാനുള്ളത് ഒരാഴ്ചയിൽ എത്ര ദിവസം നിങ്ങളുടെ റിട്ടയറിങ്ങ് റൂമിൽ അംഗങ്ങളിൽ നിന്നും നിവേദനം വാങ്ങാൻ നിങ്ങൾക്ക് ഇരിക്കാനാകുമെന്ന് അറിയിച്ചാൽ. അതിനാവശ്യമായ സർക്കുലർ

LIBRARY ARCHIVES Kerala Legislative Assembly